HSS - ① 31

18 2017 പ്രോഗ്രാം കമ്മിറ്റി

വിഷയം:- പ്രകൃതിയുടെ പാവാട.

# പ്രകൃതിയുടെ പാവാട

മാനം മിഴിയടയ്ക്കുന്നിതാ പ്രകൃതി തൻ
മാനം വലിച്ചിഴയ്ക്കുമ്പോൾ
ഗാൻതെ ജ്വലിക്കുന്നിതാ വാനിന്റെ
രോഷമൊരഗ്നിയായ് വീണ്ടും....
നാദം മുറിയുന്നു പ്രകൃതി തൻ
ജിഹ്വ താളം മരിച്ചിടുന്നു.
പാടാൻ കൊതിക്കുന്ന കോകിലമെ-
ങ്കിലോ രാഗം മറന്നിടുന്നു!!!
വീറിൽ പതിയ്ക്കുന്നൊരുൽക്കടാവേശ-
മോടമ്മതൻ മാറിലാ കൈകൾ
ക്ഷീരം ചുരത്തുന്നവൾ, കരഞ്ഞിടുന്നു,
തേണപേക്ഷിക്കുന്നു വീണ്ടും.

മാനം മറിച്ചിരുന്നെന്നുമാ പ്രകൃതിതൻ
മോഹന ഭംഗിയാലെന്നാൽ...
ഇന്നു മാനം മിഴിയടയ്ക്കുന്നവൾ തന്റെയാ
മേനിയിൽ നഗ്നത കണ്ട്...
ഉലയുന്നു മരതക വർണമാം
മേനിയിലണിയിച്ചു തൊച്ചുപാവാട

ആ വയലിന്റെ വർണ്ണമലരുകളിപ്പോരാ
മൃദുലമാം പട്ടുനൂലാട;
ഉരിയുന്നവരുടെ പരുത്തോരാ മേനിയിൽ
നുരയുന്നു പുഴുവും പുഴുപ്പും...
കൊഞ്ചി ത്തിളർത്തിയൊഴുകുമവരുടെ
നിർഝരിയാം കൊലുസിന്
കൊല്ലന്റെ ആലയിൽ നീറുന്നു,
ചൂടേറ്റുരുകുന്നവൻ ചിരിക്കുന്നു.
തകരുന്ന സ്നേഹ; മഹങ്ങളിച്ചിടുന്നു
നരകം പണിയുന്ന മക്കൾ
അമ്മതൻ മാനം മറിച്ചു വിൽക്കുന്നവർ
നന്മയെ തൃത്തിലേറ്റുന്നു.
നരനിന്നു നരിയായി നീരാധി
വറ്റുന്ന നാശം വിതക്കുന്ന ധരയിൽ
അവനെ വളർത്തിയോരമ്മയിന്നുരുകുന്നു
കനലായ് കിതക്കുന്ന കാലം!!!
മാനം മിഴിയടങ്ങുന്നിതാ സുതവിന്റെ
മാനം വലിച്ചിഴക്കുമ്പോൾ
കാൺകെ ജ്വലിക്കുന്നു പൊള്ളുന്നു
നമ്മളോടേറിടും വീര്യമോടിന്ന്
"ഓർക്കുക, നീ നിന്റെ അമ്മതൻ
മാനം വലിച്ചിഴക്കുന്നിതാ വീണ്ടും...

കാലം തിരിച്ചു വരും നിന്റെ
കൈകളാലേകിയൊരാ നാശമെന്നും
കാണാതെമെൻ കൺകളാൽ നിന്റെയൊടിഞ്ഞവും
വീണ്ടും ജനിക്കുന്ന ഹൃദയം...!!!
നെയ്തുമാ വർണ്ണ മനോഹരമാം
കൊച്ചു പാവാട യന്നു നീ തന്നെ...!!!